REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റിൽ രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ച ആരംഭിച്ചു.**
- **ക്രിമിനലുകൾക്ക് അനർഹമായ പരോൾ അനുവദിച്ചെന്ന് ആരോപിച്ച് നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം.**
- **വ്യവസായി CJ റോയിയുടെ അസ്വാഭാവിക മരണത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ധനമന്ത്രി നിർമല സീതാരാമന് കത്തയച്ചു.**
- **സ്വർണ്ണവിലയിൽ വൻ കുറവ് - പവന് ഇന്ന് 6,640 രൂപ കുറഞ്ഞു.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം നാളെ അസമിനെ നേരിടും.**

## വാർത്തകൾ വിശദമായി

പാർലമെന്റിൽ രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ച ആരംഭിച്ചു. ലോക്സഭയിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും, രാജ്യസഭയിൽ BJP അംഗം C സദാനന്ദൻ മാസ്റ്ററും നന്ദിപ്രമേയം അവതരിപ്പിക്കും. ഈ മാസം 13 വരെയാണ് ബജറ്റ് സമ്മേളനത്തിന്റെ ഒന്നാം ഘട്ടം. അടുത്ത മാസം 9 മുതൽ ഏപ്രിൽ 2 വരെയാണ് രണ്ടാം ഘട്ടം. രണ്ടു ഘട്ടങ്ങളിലുമായി 30 ദിവസമാണ് ഇരുസഭകളും ചേരുക.

✪✪✪

ബജറ്റിനെക്കുറിച്ച് പ്രതിപക്ഷ പാർട്ടികളുടെ ചിന്താഗതി നിഷേധാത്മകമാണെന്നും, ജനങ്ങൾക്ക് തെറ്റായ സന്ദേശം നൽകാനാണ് അവർ ആഗ്രഹിക്കുന്നതെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. രാഷ്ട്രപതിയുടെ പ്രസംഗത്തിൻ മേൽ നന്ദി പ്രമേയ ചർച്ചയ്ക്കായി 18 മണിക്കൂർ നീക്കിവച്ചിട്ടുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനം, നാളെ മുതൽ മാർച്ച് 31 വരെ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും. പൊതുജനങ്ങൾക്ക് ആഴ്ചയിൽ ആറ് ദിവസവും, രാവിലെ പത്തിനും വൈകീട്ട് ആറിനും ഇടയിൽ അമൃത് ഉദ്യാനം സന്ദർശിക്കാം. വൈകീട്ട് അഞ്ചു വരെയാണ് പ്രവേശനം. അറ്റകുറ്റപ്പണി നടത്തുന്ന തിങ്കളാഴ്ചയും ഹോളി പ്രമാണിച്ച് മാർച്ച് നാലിനും പ്രവേശനമില്ല. ബുക്കിങ്ങും പൂന്തോട്ടത്തിലേക്കും പ്രവേശനം സൗജന്യമാണ്. അമൃത് ഉദ്യാനത്തിനു പുറമേ, രാഷ്ട്രപതി ഭവനും, രാഷ്ട്രപതി ഭവൻ മ്യൂസിയവും സന്ദർശിക്കാൻ കഴിയും.

സ്ത്രീ-ഗോത്ര സ്വയം സഹായ സംഘങ്ങൾക്ക് മാർച്ച് 10നും ദിവ്യാംഗർക്ക് 13നും ഉദ്യാനം സന്ദർശിക്കാമെന്നും രാഷ്ട്രപതി സെക്രട്ടറിയേറ്റ് വ്യക്തമാക്കി.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് US ലേക്ക് തിരിക്കും. ബുധനാഴ്ച വരെ നീളുന്ന സന്ദർശനത്തിൽ, അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വിളിച്ചുചേർക്കുന്ന 'ക്രിട്ടിക്കൽ മിനറൽസ് മിനിസ്റ്റീരിയൽ' യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

തന്ത്രപരമായ സഹകരണം, വിതരണ ശൃംഖലയുടെ കരുത്ത്, ഹരിത ഊർജ്ജ മാറ്റം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയാണ് സന്ദർശന ലക്ഷ്യം.

✪✪✪

സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ നേതൃത്വം നൽകുന്ന പ്രതിനിധി സംഘം നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് അർമേനിയയിൽ എത്തി. ഇരു രാജ്യങ്ങളും തമ്മിലെ പ്രതിരോധ, സുരക്ഷാ സഹകരണം ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യം. ഇന്നലെ എത്തിയ പ്രതിനിധി സംഘത്തെ അർമേനിയയിലെ ഇന്ത്യൻ അംബാസിഡർ നീലാക്ഷി സാഹാ സിൻഹയും അർമേനിയൻ റിപ്പബ്ലിക്കൻ സായുധ സേനാ ഡെപ്യൂട്ടി ചീഫ് ടെമൂർ ഷാനസാര്യനും ചേർന്ന് സ്വീകരിച്ചു.

✪✪✪

ക്രിമിനലുകൾക്ക് അനർഹമായ പരോൾ അനുവദിച്ചത് ചോദ്യം ചെയ്ത് കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷം പ്രതിഷേധിച്ചു. പയ്യന്നൂരിൽ പൊലീസിനെ ബോംബ് എറിഞ്ഞ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് പരോൾ നൽകാൻ പൊലീസ് കൈക്കൂലി വാങ്ങിയ സംഭവം സഭാ നടപടി നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് KK രമയാണ് നോട്ടീസ് നൽകിയത്.

അടിയന്തര പ്രാധാന്യമില്ലാത്ത വിഷയമായതിനാൽ നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് സ്പീക്കർ AN ഷംസീർ അറിയിച്ചു. നോട്ടീസ് നൽകിയ അംഗത്തിന് വിഷയം സബ് മിഷനായി അവതരിപ്പിക്കാമെന്നും സ്പീക്കർ അറിയിച്ചു. സ്പീക്കറുടെ നടപടിയ്ക്കെതിരെ പ്രതിപക്ഷം സഭാ നടുത്തളത്തിൽ ഇറങ്ങി പ്രതിഷേധിക്കുകയായിരുന്നു.

വിഷയം ഗൗരവമേറിയതാണെന്നും ഗവൺമെന്റിന് സൗകര്യമില്ലാത്ത വിഷയം സഭയിൽ ചർച്ച ചെയ്യില്ല എന്നാണോ നിലപാടെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ ചോദിച്ചു.

✪✪✪

കോൺഫിഡന്റ് ഗ്രൂപ്പ് ചെയർമാൻ CJ റോയിയുടെ അസ്വാഭാവിക മരണത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. ധനമന്ത്രി നിർമല സീതാരാമന് അയച്ച കത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം ഉന്നയിച്ചത്. ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കിടെ CJ റോയി മരിച്ച സംഭവം അതീവ ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി കത്തിൽ അറിയിച്ചു. രാജ്യത്തെ നികുതി ഭരണസംവിധാനത്തിന് ഈ സംഭവം കളങ്കമാണെന്ന് മുഖ്യമന്ത്രി വിമർശിച്ചു. ആദായനികുതി വകുപ്പിന്റെ പരിശോധനകൾക്കിടയിൽ ഇത്തരമൊരു സംഭവം ഉണ്ടായത് ഉദ്യോഗസ്ഥരുടെ ജാഗ്രതക്കുറവിലേക്കാണ് വിരൽ ചൂണ്ടുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

15 ൽ താഴെ ഗുണഭോക്താക്കൾ മാത്രം കഴിയുന്ന പട്ടിക ജാതി-വർഗ ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 'ഐശ്വര്യ ഗ്രാമം' എന്ന പേരിൽ പ്രത്യേക ഘടക പദ്ധതി നടപ്പാക്കി വരുന്നുണ്ടെന്ന് മന്ത്രി OR കേളു അറിയിച്ചു. 25ഓളം വീടുകൾ ഉൾപ്പെടുന്ന ഉന്നതികളുടെ വികസനത്തിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി നടപ്പാക്കുന്നുണ്ടെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

SC, ST വിഭാഗങ്ങളിൽ ആകെ 1,160 കുട്ടികളെ വിദേശത്തേക്ക് പഠനത്തിന് അയച്ചതായും മന്ത്രി വ്യക്തമാക്കി.

✪✪✪

മനുഷ്യരെ ആക്രമിക്കുന്ന വന്യമൃഗങ്ങളെ പിടികൂടി സംരക്ഷിക്കുന്നതിനും ചികിത്സ നൽകുന്നതിനും സംവിധാനം ഒരുക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ഇതിന് കോഴിക്കോട് പേരാമ്പ്രയിൽ സ്ഥാപനം ആരംഭിക്കുമെന്നും നിയമസഭാ ചോദ്യോത്തരവേളയിൽ മന്ത്രി പറഞ്ഞു.

✪✪✪

SSLC, THSLC, AHSLC പരീക്ഷകൾ അടുത്തമാസം 5ന് ആരംഭിച്ച് 30ന് പൂർത്തിയാകുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഈ മാസം 16 മുതൽ 20 വരെയാണ് മോഡൽ പരീക്ഷ. മെയ് ഏഴിന് ബോർഡ് മീറ്റിംഗ് ചേർന്ന് 8ന് ഫലം പ്രഖ്യാപിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് രണ്ടാം ഘട്ടം പ്രാബല്യത്തിലായി. മെഡിസെപ് ഐഡി കാർഡ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

✪✪✪

അതിവേഗ റെയിൽ പദ്ധതിയ്ക്കായി E ശ്രീധരന്റെ ഓഫീസ് പൊന്നാനിയിൽ പ്രവർത്തനം ആരംഭിച്ചു. പദ്ധതിക്ക് അഞ്ചുമാസം കൊണ്ട് DPR തയ്യാറാക്കുമെന്നും റയിൽവേ മന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് മുന്നോട്ട് പോകുന്നതെന്നും E ശ്രീധരൻ പറഞ്ഞു.

സംസ്ഥാന ഗവണ്മെന്റിനെ ഇപ്പോൾ അറിയിക്കേണ്ട കാര്യമില്ലെന്നും എല്ലാ എതിർപ്പുകളും ഇല്ലാതാവുമെന്നും ശ്രീധരൻ വ്യക്തമാക്കി.

✪✪✪

ഓപ്പറേഷൻ സിന്ദൂർ, രാജ്യത്തിന്റെ സമുദ്ര സുരക്ഷാ സംവിധാനത്തിലെ പരസ്പര ഏകോപനം പ്രകടമാക്കിയതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ, ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ 50-ാമത് സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നൂതന കപ്പലുകൾ, ഹെലികോപ്റ്ററുകൾ, ആധുനിക വിമാനങ്ങൾ, മികച്ച സാങ്കേതികവിദ്യകൾ എന്നിവയാൽ സജ്ജീകരിച്ചിരിക്കുന്ന ശക്തമായ

സേനയായ കോസ്റ്റ് ഗാർഡ്, ദേശീയ സുരക്ഷയുടെ ഏറ്റവും ശക്തമായ സ്തംഭങ്ങളിലൊന്നാണെന്ന്  രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

സ്വർണ്ണവിലയിൽ വീണ്ടും വൻ കുറവ്. പവന് ഇന്ന് ഒറ്റയടിക്ക് 6,640 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,120 രൂപയിലെത്തി. 13,890 രൂപയാണ് ഗ്രാമിന്റെ വില.

കഴിഞ്ഞ ദിവസങ്ങളിൽ സ്വർണവില കുത്തനെ ഉയർന്ന് ഒരു ലക്ഷത്തി 31,160 രൂപ വരെ എത്തിയിരുന്നു.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം നാളെ അസമിനെ നേരിടും. അസമിലെ സിലാപത്തർ രാജീവ്ഗാന്ധി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

✪✪✪

ന്യൂഡൽഹിയിൽ 2026ലെ പ്രോ-റസ്‌ലിംഗ് ലീഗ് ചാമ്പ്യൻഷിപ്പിൽ ഹരിയാന തണ്ടേഴ്സിന് കിരീടം. ഡൽഹി ദംഗൽ വാരിയേഴ്സിനെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

ഗവണ്മെന്റിന് സാമ്പത്തിക ബാധ്യത വരാതെ നെല്ല് സംഭരണത്തിന് സംവിധാനം നിർദ്ദേശിക്കുന്ന വിദഗ്ദ്ധ സമിതി റിപ്പോർട്ട് മന്ത്രിസഭ അംഗകരിച്ചു. സമിതി ശുപാർശകൾ അടുത്ത സീസൺ മുതൽ പാലക്കാട് ജില്ലയിൽ നടപ്പാക്കാനാണ് തീരുമാനം.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്....

..... വോയ്സ് .....

കാർഷിക സഹകരണ സംഘങ്ങൾ  കാർഷിക ഉല്പാദന കാമപണികൾ എന്നിവ മുഖേനയായിരിക്കും നെല്ല് സംഭരണം നടക്കുക.സംഭരിച്ച ഉടൻ കർഷകർക്ക് വില നൽകുന്നത് ഉൾപ്പടെയുള്ള സമിതിയുടെ ശുപാർശകളും മുൻഗണനാക്രമത്തിൽ നടപ്പിലാക്കും.അടുത്ത സീസൺ മുതൽ പാലക്കാടും അടുത്തവർഷം മുതൽ മറ്റു ജില്ലകളിലും നടപ്പിലാക്കാനാണ് തീരുമാനം.സപ്ലൈക്കോ തന്നെയായിരിക്കും നോഡൽ ഏജൻസി. ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് നടപടി സ്വീകരിക്കാൻ ഷെഫ് സെക്രട്ടറി അധ്യക്ഷനായി കർമസമിതിയും രൂപീകരിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ ഡോക്ടർമാരുടെ അനിശ്ചിതകാല സമരം ആരംഭിച്ചു. ശമ്പളക്കുടിശിക വിതരണം ചെയ്യാത്തതിലും പുതിയ നിയമനങ്ങൾ നടത്താത്തതിലും പ്രതിഷേധിച്ച് OP ബഹിഷ്കരിച്ചാണ് ഡോക്ടർമാർ സമരം ചെയ്യുന്നത്. കാഷ്വാലിറ്റി, ലേബർ റൂം, ICU, IP ചികിത്സ, അടിയന്തിര ശസ്ത്രക്രിയകൾ, പോസ്റ്റ്മോർട്ടം എന്നിവയെ സമരത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

അനുകൂല തീരുമാനം ഉണ്ടായില്ലെങ്കിൽ ഈ മാസം 9 ന് അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളും മറ്റു ചികിത്സകളും നിർത്തിവയ്ക്കുമെന്ന് KGMCTA അറിയിച്ചു.

ഈ മാസം 11 മുതൽ ആരോഗ്യ സർവകലാശാലയുടെ ഡ്യൂട്ടികളും ബഹിഷ്കരിക്കുമെന്ന് സംഘടന അറിയിച്ചു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന വികസന മുന്നേറ്റജാഥ വൈകിട്ട് കണ്ണൂർ ജില്ലയിൽ പ്രവേശിക്കും. പയ്യന്നൂരിലാണ് ആദ്യ സ്വീകരണമെന്ന് CPIM കണ്ണൂർ ജില്ലാ സെക്രട്ടറി KK രാഗേഷ് അറിയിച്ചു.

നാളെ രാവിലെ മാടായി ബാങ്ക് ഓഡിറ്റോറിയത്തിൽ പൗര പ്രമുഖരുമായി MV ഗോവിന്ദൻ കൂടിക്കാഴ്ച നടത്തും. തുടർന്ന് പഴയങ്ങാടി, തളിപ്പറമ്പ്, ശ്രീകണ്ഠപുരം, ഇരിട്ടി എന്നിവിടങ്ങളിൽ സ്വീകരണം നൽകും. വ്യാഴാഴ്ച വരെ ജാഥ കണ്ണൂർ ജില്ലയിൽ പര്യടനം നടത്തും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ അപാകം ആരോപിച്ച് LDF തിരുവനന്തപുരത്ത് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ആസ്ഥാനത്തേക്കും, ജില്ലകളിൽ തിരഞ്ഞെടുപ്പ് ഓഫീസുകളിലേക്കും മാർച്ച് സംഘടിപ്പിച്ചു. ഈ മാസം 21-ന് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചാൽ അപാകം പരിഹരിക്കാൻ സമയം അനുവദിക്കണം എന്നിവയുൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ച്.

✪✪✪

ഇന്ന് ലോക തണ്ണീർത്തട ദിനം. മനുഷ്യന്റെ സമൃദ്ധി, ആരോഗ്യ ഭൂമി എന്നിവയുടെ പ്രാധാന്യം ലോകത്തെ ബോധ്യപ്പെടുത്തുകയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളകേസിൽ മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. രണ്ടു കേസുകളിലും സ്വാഭാവിക ജാമ്യം ലഭിച്ച സുധീഷ് കുമാർ ഇന്ന് ജയിൽ മോചിതനാകും.

✪✪✪

കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ ബഡ്സ് - BRC വിദ്യാർത്ഥികളുടെ കലോത്സവം - തില്ലാന 2026 ന് നാളെ തുടക്കമാകും. ആരൂഡം ചട്ടുകപ്പാറ ഓഡിറ്റോറിയത്തിൽ  ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor  : വി കെ സുരേഷ്*
*News Reader : സയ്യിദ് അലി ശിഹാബ് തങ്ങൾ*
*NRTs: അനുഷ ആത്മപ്രകാശ്, സബിത കെ*
*DEO: സി കെ സുബോധ്*